ഹയർ സെക്കൻററി വിദ്യാഭ്യാസ

ഡയറകട്റുടെ കാര്യാലയം

ഹൗസിങ് ബോർഡ്

ബിൽഡിംഗ്

തിരുവനന്തപുരം–1

നംബർ. **ICT Cell/1771/3 /HSE**/2018 11/07/2018

# പത്രക്കുറിപ്പ്

**പ്ലസ്‌വൺ – രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനുള്ള അപേക്ഷാ സ്വീകരണം**

ഏകജാലക സംവിധാനത്തിലെ വിവിധ അലോട്ട്മെൻറുകളിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്കൂളിൽ സമർപ്പിച്ച് അലോട്ട്മെൻറ് ലഭിക്കാത്താവർ സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിക്കുന്നതിനായി “RENEWAL FORM” നേരത്തേ അപേക്ഷ സമർപ്പിച്ച സ്കൂളിൽ സമർപ്പിക്കണം .ഇതുവരെയും അപേക്ഷ നൽകാൻ കഴിയാത്തവർ വെബ്സൈറ്റിലെ APPLY ONLINE-SWS എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിച്ച് ആയതിൻെറ പ്രിൻെറാട്ട് അനുബന്ധ രേഖകൾ സഹിതം അടുത്തുള്ള ഏതെങ്കിലും ഒരു സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ വെരിഫിക്കേഷനായി സമർപ്പിക്കണം. എന്നാൽഅപേക്ഷ ഓൺലൈനായി സമർപ്പിച്ച് പ്രിൻറൗട്ട് സ്കൂളിൽ വെരിഫിക്കേഷന് സമർപ്പിക്കാത്തവർ പ്രസ്തുത പ്രിൻറൗട്ടിൽ പ്രസിദ്ധപ്പെടുത്തിയ വേക്കൻസിക്കനുസരിച്ച് പുതിയ ഓപ്ഷനുകൾ എഴുതി ചേർത്ത് ഏറ്റവും അടുത്ത സർക്കാർ/എയിഡഡ് ഹയർ സെക്കൻററി സ്കൂളിൽ വെരിഫിക്കേഷനായി സമർപ്പിക്കണ ം.സപ്ലിമെൻററി അലോട്ട്മെൻറിനനായുള്ള വേക്കൻസിയും മറ്റു വിവരങ്ങളും ജൂലൈ 12 ന് അഡ്മിഷൻ വെബ്സൈറ്റിൽ (www.hscap.kerala.gov.in) പ്രസിദ്ധീകരിക്കുന്നതാണ്. . സപ്ലിമെൻററി അലോട്ട്മെൻറിനനായുള്ള അപേക്ഷകൾ ജൂലൈ 16 ന് വൈകിട്ട് 5 മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും ഹയർസെക്കൻററി ഡയറക്ടർ അറിയിച്ചു.

**ഡയറക്ടർ**